14666
3/11/15

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - സ്റ്റേറ്റ് ലെവൽ ഉപദേശക സമിതിയിൽ മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ. (പി)നം.83/2015/വനം തീയതി, തിരുവനന്തപുരം, 28.10.2015.

പരാമർശം :
1. 19.04.2012-ലെ സ.ഉ.(പി)51/2012/വനം നമ്പർ ഉത്തരവ്.
2. 12.09.2012-ലെ സ.ഉ.(പി)454/2012/വനം നമ്പർ ഉത്തരവ്.
3. ശ്രീ. റ്റി. ആർ.ബാലൻ ബഹു. വനംവകുപ്പു മന്ത്രിക്കു സമർപ്പിച്ച 14.02.2014-ലെ നിവേദനം.
4. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസറുടെ 09.12.2014, 20.05.2015 തീയതികളിലെ എഫ്.സി.3-10512/2014 നമ്പർ കത്തുകൾ.

## ഉത്തരവ്

കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആൻഡ് അദർ വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ചട്ടം 2012 26(2) പ്രകാരമുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി യൂണിറ്റിന്റെ പ്രതിനിധിയായി തന്നെ തെരഞ്ഞെടുക്കണമെന്ന് ശ്രീ. റ്റി.ആർ. ബാലൻ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു. സാമിൽ യൂണിറ്റിന്റെ പ്രതിനിധിയായി ശ്രീ. എ.ജെ. തോമസിനെയും മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റിന്റെ പ്രതിനിധിയായി ശ്രീ. റ്റി. നാസറുദ്ദീനെയുമാണ് പരാമർശം 2-ലെ ഉത്തരവുപ്രകാരം നിയമിച്ചിട്ടുള്ളത്. എന്നാൽ ശ്രീ. റ്റി. നാസറുദ്ദീൻ കഴിഞ്ഞ നാലു ഉപദേശകസമിതി യോഗത്തിലും പങ്കെടുക്കാത്തതിനാൽ ടിയാനെ മാറ്റി പകരം മറ്റൊരാളെ ഉപദേശക സമിതിയിൽ ഉൾപ്പെടുത്തണമെന്ന് കഴിഞ്ഞ യോഗത്തിൽ അഭിപ്രായമുണ്ടായതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ പരാമർശം നാലിലെ കത്തു പ്രകാരം ആവശ്യപ്പെട്ടു. ശ്രീ. റ്റി.ആർ.ബാലന് കോട്ടയം ജില്ലയിൽ തോട്ടകത്ത് സാമിൽ & വുഡ് ഇൻഡസ്ട്രീസ് എന്ന പേരിൽ ഒരു സ്ഥാപനം ടിയാന്റെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നതായും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തടിയധിഷ്ഠിത വ്യവസായ യൂണിറ്റിന്റെ പ്രതിനിധിയായ ശ്രീ. റ്റി. നാസറുദ്ദീൻ തുടർച്ചയായി കഴിഞ്ഞ നാല് ഉപദേശക സമിതി യോഗത്തിൽ പങ്കെടുക്കാത്തത് കണക്കിലെടുത്ത് The Kerala Forest (Regulation of Sawmills and other wood based industrial units) Rules 2012-ലെ ചട്ടങ്ങളിലെ ചട്ടം 26(2) പ്രകാരം രൂപീകരിച്ചിട്ടുള്ള ഉപദേശകസമിതിയിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റു തടിയധിഷ്ഠിത വ്യവസായ യൂണിറ്റിന്റെ പ്രതിനിധിയായ ശ്രീ. റ്റി. നാസറുദ്ദീനെ മാറ്റി ശ്രീ. റ്റി.ആർ. ബാലൻ, തോട്ടകത്തു സാമിൽ ആൻഡ് വുഡ് ഇൻഡസ്ട്രീസ്, വെള്ളൂപ്പറമ്പ്, പെരുമ്പായിക്കാട് പി.ഒ., പാറാമ്പുഴ, കോട്ടയം എന്നയാളെ നിയമിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**കൃഷ്ണകുമാർ.റ്റി.വി.,**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി.ആർ.ബാലൻ, തോട്ടകത്തു സാമിൽ & വുഡ് ഇൻഡസ്ട്രീസ്, വെള്ളൂപ്പറമ്പ്, പെരുമ്പായിക്കാട് പി.ഒ., പാറാമ്പുഴ, കോട്ടയം.
ശ്രീ. റ്റി. നാസറുദ്ദീൻ, സ്റ്റേറ്റ് പ്രസിഡണ്ട്, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, വ്യാപാര ഭവൻ, ബാങ്ക് റോഡ്, കോഴിക്കോട്.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ&ഇ ), കേരള, തിരുവനന്തപുരം.
വെബ് & മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Chitra
സെക്ഷൻ ഓഫീസർ